## പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത 18.12.2014 ൽ മറുപടിയ്ക്ക്

നിയമസഭാ ചോദ്യം നം. 4689

### അനാദായകരമായ സ്കൂളുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | സംസ്ഥാനത്ത് എത്ര സ്കൂളുകൾ അനാദായകരം എന്ന് തീരുമാനിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (എ) | ഒരു ക്ലാസ്സിൽ 25 - ൽ കുറവ് കുട്ടികളുള്ള സ്കൂളുകളാണ് അനാദായകരം എന്ന് കേരള വിദ്യാഭ്യാസ ചട്ടത്തിൽ വിവക്ഷിച്ചിട്ടുള്ളത്. ഇത്തരത്തിൽ 5252 സ്കൂളുൾ സംസ്ഥാനത്തുണ്ട്. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനായി, മേൽപ്പറഞ്ഞ വ്യവസ്ഥയിൽ താല്ക്കാലിക ഇളവ് വരുത്തിയതു പ്രകാരം 15 ൽ താഴെ കുട്ടികളുള്ള സ്കൂളുകളെയാണ് അനാദായകരമായി കണക്കാക്കുന്നത്. ഇത്തരത്തിൽ 3531 സ്കൂളുകൾ നിലവിൽ ഉണ്ട്. |
| (ബി) | പത്തിൽ താഴെ കുട്ടികളുള്ള എത്ര സ്കൂളുകളാണുള്ളത്; ഇവ പൂട്ടാൻ തീരുമാനിച്ചിട്ടുണ്ടോ; | (ബി) (സി) & (ഡി) | പത്തിൽ താഴെ കുട്ടികളുള്ള 191 സ്കൂളുകൾ സംസ്ഥാനത്തുണ്ട്. ഇവ അടച്ചുപൂട്ടാൻ നയപരമായ തീരുമാനം സർക്കാർ എടുത്തിട്ടില്ല. |
| (സി) | അനാദായകരമായതും പത്തിൽ താഴെ കുട്ടികളുള്ളതുമായ സ്കൂളുകൾ അത്യാവശ്യമുള്ള സ്ഥലങ്ങളിലേക്ക് മാറ്റി നൽകാൻ തയ്യാറാവുമോ; | | |
| (ഡി) | ഇത്തരം സ്കൂളുകൾ മാറ്റി സ്ഥാപിക്കുന്നത് അനാവശ്യമായ ശമ്പളച്ചെലവുകൾ ഒഴിവാക്കുന്നതിനും അത്യാവശ്യമായി സ്കൂളുകൾ വേണ്ട സ്ഥലങ്ങളിൽ അധിക ബാധ്യതയില്ലാതെ സൗകര്യമൊരുക്കുന്നതിനും സഹായമാവുമെന്ന കാര്യം പരിഗണിക്കുമോ? | | |

സെക്ഷൻ ഓഫീസർ